**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*150** **08/06/2018- ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ. അൻവർ സാദത്ത്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗം മൂലം ജനങ്ങളുടെ ആരോഗ്യം അപകടത്തിലാകുന്നുവെന്നും ക്യാൻസർ മുതലായ മാരക രോഗങ്ങൾ വർദ്ധിക്കുന്നുവെന്നും കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റേയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.ഇതോടൊപ്പം ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും പരിശോധനാ ഫലം സംബന്ധിച്ച വിവരങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിച്ച് ജനങ്ങളെ ബോധവൽക്കരിക്കാറുണ്ട്. |
| (ബി) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അൻപതിനായിരം ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>(സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് പ്രത്യേക ഊന്നൽ നൽകുമോ | (ബി) & (സി) ജൈവകൃഷി സമഗ്രകൃഷിയുടെ ഭാഗമായി വികസിപ്പിക്കുവാനും അത്തരത്തിൽ ഒരു കാർഷിക സംസ്കാരം സംസ്ഥാനത്ത് ഒട്ടാകെ രൂപപ്പെടുത്തുവാനുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പാക്കി വരുന്നത്. |
| (ഡി) കേന്ദ്ര സർക്കാരിന്റെ പി.കെ.വി.വൈ. പദ്ധതി പ്രകാരം | (ഡി) **PKVY (പരമ്പരാഗത കൃഷി വികാസ് യോജന)** ഒരു കേന്ദ്ര ആവിഷ്കൃത പദ്ധതിയാണ്. |

ജൈവ കൃഷിക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; സംസ്ഥാനത്ത് എവിടെയെങ്കിലും ഈ പദ്ധതി പ്രകാരമുള്ള ജൈവ ഗ്രാമങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

60:40 അനുപാതത്തിൽ സംസ്ഥാന ഫണ്ടും ഉപയോഗിക്കുന്നുണ്ട്. **പി.കെ.വി.വൈ.** പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് കർഷകർക്ക് ഉള്ള ബോധവൽക്കരണ ക്ലാസ്സുകൾ, ക്ലസ്റ്റർ മെമ്പർക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാദികളുടെ നിർമ്മാണം പഞ്ചഗവ്യം, ജീവാമൃതം എന്നിവ ഉല്പാദിപ്പിക്കൽ, മണ്ണ് പരിശോധന, PGS സർട്ടിഫിക്കേഷൻ, ജൈവകൃഷി, സംയോജിത ജൈവവള പ്രയോഗം, കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വെർമികംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ, ഓർഗാനിക് മേളകൾ സംഘടിപ്പിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ നടത്തി വരുന്നു.

കാസർഗോഡ്, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ PKVY ഗ്രാമങ്ങൾ നിലവിൽ ഉണ്ട്.

(ഇ) ജൈവ പച്ചക്കറികൾ വിൽപന നടത്തുന്ന ജൈവ ഇക്കോ ഷോപ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ തുറക്കുന്നതിന് ആലോചനയുണ്ടോ; പ്രസ്തുത ഷോപ്പുകളിൽ വിൽപന നടത്തുന്ന പച്ചക്കറികൾ ജൈവ പച്ചക്കറികളാണെന്നത് എപ്രകാരമാണ് ഉറപ്പ് വരുത്തുന്നത് എന്ന് വ്യക്തമാക്കാമോ?

(ഇ) ജൈവ പച്ചക്കറികൾ വിൽപ്പന നടത്തുന്ന ജൈവ ഇക്കോഷോപ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ തുറക്കുന്നതിന് ആലോചനയുണ്ട്. സംസ്ഥാനത്ത് **214** ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതുതായി 33 ഇക്കോ ഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് **66 ലക്ഷം രൂപ** വകയിരുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

ജൈവകർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രമാണ് ഇക്കോഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**